# SSLC PRE- MODEL EXAMINATION - 2024

## MALAPPURAM DISTRICT

**MPM - 109 A**

**MALAYALAM - II**

*Time : 45 Minutes*
*Total Score : 20*

**നിർദ്ദേശങ്ങൾ**

* ആദ്യത്തെ 7 മിനുട്ട് സമാശ്വാസ സമയമാണ്. * ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കണം.
* ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരം എഴുതണം. * ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

**1 മുതൽ 3 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് ഉത്തരം എഴുതുക.** (2 x 1=2)

1. അപ്പോൾ നമ്മുടെ <u>വേരുകളോ?</u> അതും ഈ അമ്മയായ ഭൂമിയിൽ തന്നെ. (ഡി വിനയചന്ദ്രൻ) അടിവരയിട്ട പ്രയോഗത്തിന് ഏറ്റവും യോജിച്ചത് ഏത്?
   (a) ചിന്തയും പ്രവർത്തനവും (b) പാരമ്പര്യവും സംസ്കാരവും (c) ദേശവും കാലവും (d) സ്നേഹവും വിശ്വാസവും
2. 'എടി, കള്ളി നീയത് ഒളിച്ചു മച്ചിരുന്നോ?' ഈ സംഭാഷണത്തിലൂടെ കോരൻ എന്ന കഥാപാത്രത്തെക്കുറിച്ച് നൽകുന്ന സൂചന എഴുതുക.
   (a) ഭാര്യയെ വിശ്വാസമില്ലായ്മ (b) ഭാര്യയെ കോരൻ കുറ്റപ്പെടുത്തുന്നു.(c) ഭാര്യയെ വഴക്കു പറയുന്നു (d) ഭാര്യയോടുള്ള വാത്സല്യം കലർന്ന സ്നേഹം.
3. ' മൂപ്പര് പോയി. ' അമ്മയുടെ ഈ വാക്കുകൾ അർത്ഥമാക്കുന്നത് എന്ത്?
   (a) അച്ഛൻ വീട്ടിൽ ഇല്ല (b) അച്ഛൻ യാത്രയിലാണ്. (c) അച്ഛന്റെ മരണം (d) അച്ഛനെ കാണ്മാനില്ല.

**4 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.** (2 x 2=4)

4. അർത്ഥ വ്യത്യാസം വരാതെ രണ്ട് വാക്യമാക്കുക.
   'മാവിനോടുള്ള പ്രേമം നാട്ടിൻപുറത്തെ കുട്ടികളിലും കവികളിലും കാണാം.'
5. 'നീരറ്റു വറ്റി വരണ്ട കൈച്ചുള്ളികൾ
   നീരാതെ മാറോട് ചേർത്തുവെച്ചിട്ടുണ്ട്.'
   ഈ വരികളുടെ ഭാഷാപരമായ സവിശേഷതകൾ എഴുതുക.
6. 'മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു' ഈ വാക്യം നൽകുന്ന രണ്ട് അർത്ഥസൂചനകൾ എഴുതുക..

**7 മുതൽ 9 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും രണ്ടെണ്ണത്തിന് ശരിയുത്തരം എഴുതുക.** (2 x4=8)

7. "മാതൃവാക്കൊന്നാകണം നമുക്ക് സാക്ഷാൽ വേദം
   മാതൃ ശുശ്രൂഷായത്നം മഹാ യജ്ഞം
   മാതാവിന്നുഴിഞ്ഞീടുകാത്മജീവിതം
   ഭ്രാതാക്കൻമാരെ പാരിൽ ദൈവമേതുള്ളൂ വേറെ.." (വള്ളത്തോൾ)
   (ഭ്രാതാവ് സഹോദരൻ, പാര് ഭൂമി)
   'അമ്മത്തൊട്ടിലി'ലെ മകന്റെ മനോഭാവത്തെ ഈ വരികളുടെ ആശയവുമായി ബന്ധിപ്പിച്ച് വിമർശനാത്മകമായി വിലയിരുത്തുക.
8. 'എ. പി. ഉദയഭാനു കൊച്ചുചക്കരച്ചിക്ക് മാനുഷിക ഭാവങ്ങൾ പകർന്നു നൽകുന്നു.' ഈ പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.
9. 'നല്ല വെള്ളോല്ല, നിലാവൂല്ല, പിന്നെ എന്താ ആടെ ഉള്ളത്? ' അമ്മ തമാശയോടെ ചോദിച്ചു. ( ഓരോ വിളിയും കാത്ത് )
   ഗ്രാമ നഗര ജീവിതങ്ങളോടുള്ള അമ്മയുടെ എന്ത് മനോഭാവമാണ് ഈ വരികളിൽ തെളിയുന്നത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക..

**10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.** (1 x6=6)

10. 'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ ' ( ഓരോ വിളിയും കാത്ത്)
    'എങ്ങിനിക്കൊണ്ടിറക്കേണ്ടൂ, സ്വയം ബുദ്ധികെട്ട് കരിന്തിരിയാളും വരെയവർ' ( അമ്മത്തൊട്ടിൽ)
    രണ്ട് രചനകളിലെയും മക്കൾക്ക് അമ്മയോടുള്ള സമീപനം ഒന്നാണോ? താരതമ്യം ചെയ്ത് വാർദ്ധക്യത്തോടുള്ള പുതുതലമുറയുടെ മനോഭാവത്തെക്കുറിച്ച് ലഘു പ്രഭാഷണം തയ്യാറാക്കുക
11. ' രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത് ? '
    'നാഴി അരി അല്ലോ മച്ചുള്ളൂ ? നീ കുടി. '
    'അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.'
    മുകളിൽ കൊടുത്ത സൂചനകളും ഉചിതമായ കഥാസന്ദർഭങ്ങളും പരിഗണിച്ച് കോരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

# SSLC PRE- MODEL EXAMINATION - 2024
## MALAPPURAM DISTRICT

**MPM - 109 B**

**MALAYALAM - II**

*Time : 45 Minutes*
*Total Score : 20*

---

**നിർദ്ദേശങ്ങൾ**

* ആദ്യത്തെ 7 മിനുട്ട് സമാശ്വാസ സമയമാണ്. * ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കണം.
* ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരം എഴുതണം. * ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

**1 മുതൽ 3 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് ഉത്തരം എഴുതുക.** (2 x 1=2)

1. ഡി വിനയചന്ദ്രന്റെ 'വേരുകൾ' ഏത് വിഭാഗത്തിൽപ്പെടുന്നു?
(a) കവിത (b) ലേഖനം (c) കൊച്ചു കഥ (d) ഉപന്യാസം
2. കോരൻ ആരുടെ പാടത്തെ ജോലിക്കാരനായിരുന്നു?
(a) കൊച്ചുവേലിൽ ഔസേപ്പ് (b)പുഷ്പവേലിൽ ഔസേപ്പ് (c) കൊച്ചു വീട്ടിൽ ഔസേപ്പ് (d) വലിയവീട്ടിൽ ഔസേപ്പ്
3. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദച്ചേരുവ കണ്ടെത്തുക.
(a) ഒക്കെയിരിക്കിലും ഒക്കെ, യിരിക്കിലും (b) മാങ്ങാക്കാലം മാങ്ങാ, ക്കാലം
(c) പെറുക്കിത്തിന്നുക പെറുക്കി ,തിന്നുക (d) മുറിച്ചിടുക മുറി,ച്ചിടുക

**4 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.** (2 x 2=4)

4. അമ്മയുടെ കണ്ണുകളെ മങ്ങിപ്പഴകിയ പിഞ്ഞാണമായി എന്നു പറയുവാൻ കാരണമെന്ത്?
5. അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കുക.
'നീണ്ട വരാന്തകളും വെണ്മയാർന്ന ചുവരുകളും വലിയ ജനലുകളും വാതിലുകളും എല്ലാം ഉണ്ടെങ്കിൽ പോലും ഇതൊരു വീടാവുന്നില്ല'
6. "വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവു തന്നെയാണ്" ലേഖകൻ ഇങ്ങനെ പറയുന്നത് എന്തുകൊണ്ടാവും? രണ്ട് നിരീക്ഷണങ്ങൾ കുറിക്കുക.

**7 മുതൽ 9 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും രണ്ടെണ്ണത്തിന് ശരിയുത്തരം എഴുതുക.** (2 x4=8)

7. 'മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായി പാടയും പീളയും മൂടിയ കണ്ണുകൾ '
അമ്മയുടെ ദൈന്യത വായനക്കാരന്റെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന വാങ്മയമായാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മങ്ങിപ്പഴകിയ പിഞ്ഞാണവും അമ്മയുടെ കണ്ണുകളും തമ്മിലുള്ള സാദൃശ്യ കൽപനയുടെ ഔചിത്യം വ്യക്തമാക്കുക.
8. "അത് <u>കണ്ണു തണുപ്പിക്കുന്ന</u> ഒരു കാഴ്ച തന്നെയായിരുന്നു" ( രണ്ടിടങ്ങഴി ) അടിവരയിട്ട പ്രയോഗം നോവൽ സന്ദർഭത്തിന് നൽകുന്ന സവിശേഷഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
9. "അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്ന വീട് . ഇപ്പോൾ ഇതൊരു വീടല്ല" അച്ഛന്റെ സ്വഭാവസവിശേഷതകൾ, കഥയിലെ സ്ഥാനം എന്നിവ വ്യക്തമാക്കുന്ന മറ്റു സന്ദർഭങ്ങൾ കൂടി കണ്ടെത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

**10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.** (1 x6=6)

10. 'ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും.' (അമ്മത്തൊട്ടിൽ)
'അച്ഛൻ ചുമ്മാ പറയുവാ, ഏന് കോരിക്കോരി തന്നു'
ചിരുത കൃതകൃത്യയായി (പ്ലാവിലക്കഞ്ഞി)
'ജീവിതം പകർത്തുന്ന വേരുകൾ' എന്ന യൂണിറ്റിലെ രചനകളെ ആസ്പദമാക്കി ഇതിൽ സൂചിപ്പിക്കുന്ന സ്ത്രീ കഥാപാത്രങ്ങളെക്കുറിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുക..
11. കർക്കടകമാസത്തിലെ കറുത്തവാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൾ കൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെ കൊണ്ട് നക്ഷത്ര നിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൽക്കടമാക്കി തീർത്തു.
മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധമായ ആത്മബന്ധത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരമാണ് 'കൊച്ചുചക്കരച്ചി'. പ്രസ്താവന വിലയിരുത്തി 'മനുഷ്യനും മരങ്ങളും' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.